ഇ. എസ്. ഐ. സ്കീമിലെ തൊഴിലാളികൾ

997 [1883] ശ്രീ. കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. സ്കീമിലുള്ള തൊഴിലാളികൾക്ക് ഇ. എസ്. ഐ.യിൽ ഇല്ലാത്ത മരുന്നുകൾ പുറമേ നിന്ന് വാങ്ങിയതിന് റീ ഇംപേഴ്സ്മെൻറ് കണ്ണൂരിലും പരിസരപ്രദേശങ്ങളിലും നൽകുന്നില്ലെന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിൻെറ അഭാവം മൂലമാണ് അവരുടെ തുക നൽകാൻ കാലതാമസം നേരിടുന്നത്.

പള്ളുരുത്തി വില്ലേജിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

998 [1887] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

1980-81 മുതൽ 1985-86 വരെ ഓരോ വർഷവും പള്ളുരുത്തി വില്ലേജിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

താഴെ ചേർക്കുന്നു:

1980-81	338
1981-82	338
1982-83	91
1983-84	97
1984-85	99
1985-86	100

കുമ്പളം വില്ലേജിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം

999 [1888] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1980-81 മുതൽ 1985-86 വരെ ഓരോ വർഷവും കുമ്പളം വില്ലേജിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly